LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർമാർ നൽകുന്ന അവ്യക്തമായ കുറിപ്പടികൾ

71 (2280) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡോക്ടർമാർ നൽകുന്ന കുറിപ്പടികൾ പലപ്പോഴും അവ്യക്തവും ജനറിക് നെയിം എഴുതാത്തതുംമൂലം മരുന്ന് വിതരണത്തിന് ബുദ്ധിമുട്ടുണ്ടാകുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മെഡിക്കൽ കൗൺസിലിന്റെ നിർദ്ദേശത്തിന് വിരുദ്ധമായി കുറിപ്പടി നൽകുന്നതിനെതിരെ എന്ത് നടപടിയാണ് സ്വീകരിയ്ക്കുന്നത് ;

(സി) രോഗികൾക്ക് ബുദ്ധിമുട്ടുണ്ടാകാത്തവിധം വ്യക്തമായി, ജനറിക് നെയിം ഉൾപ്പെടെ രേഖപ്പെടുത്തി കുറിപ്പടി നൽകുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) ഡോക്ടർമാർ നൽകുന്ന മരുന്നിന്റെ കുറിപ്പടികൾ രോഗികൾക്ക് ബുദ്ധിമുട്ടുണ്ടാകാത്തവിധം വ്യക്തതയുള്ളതും ജനറിക് നെയിം ഉൾപ്പെടെ രേഖപ്പെടുത്തിയതുമായിരിക്കണമെന്ന് ഡോക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഹോസ്റ്റലുകളും ഭക്ഷ്യസുരക്ഷയും

72 (2281) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോസ്റ്റലുകൾ, പേയിംഗ് ഗസ്റ്റ് സംവിധാനം ഇവയ്ക്ക് ഭക്ഷ്യസുരക്ഷാ ലൈസൻസ് നിർബന്ധമാക്കുമോ ;

(ബി) അനധികൃതമായി പ്രവർത്തിക്കുന്ന ഇത്തരം സംവിധാനങ്ങൾക്ക് എതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഹോസ്റ്റലുകൾ, പേയിംഗ് ഗസ്റ്റ് സംവിധാനം ഉൾപ്പെടെ ഭക്ഷ്യവിതരണം നടത്തുന്ന എല്ലാത്തരം സ്ഥാപനങ്ങളും 2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരം ലൈസൻസോ രജിസ്ട്രേഷനോ കരസ്ഥമാക്കേണ്ടതാണ്. ആയത്

കരസ്ഥമാക്കേണ്ടതിന്റെ ആവശ്യകത മുൻനിർത്തി എല്ലാത്തരം മാധ്യമങ്ങളിലൂടെയും ഇതിനകം പരസ്യം നൽകിയിട്ടുള്ളതുമാണ്. ലൈസൻസ്/രജിസ്ട്രേഷൻ എടുക്കാത്ത ഭക്ഷ്യവിതരണം ചെയ്യുന്ന എല്ലാ സ്ഥാപനങ്ങൾക്കെതിരെയും കർശനമായ നിയമനടപടി സ്വീകരിക്കുന്നതാണ്.

(ബി) പരിശോധനകളിൽ ഭക്ഷ്യസുരക്ഷാ ലൈസൻസോ രജിസ്ട്രേഷനോ കരസ്ഥമാക്കാത്ത ഇത്തരം സംവിധാനങ്ങൾക്കെതിരെ ഭക്ഷ്യസുരക്ഷാ ഉണനിലവാര നിയമത്തിൽ അനുശാസിക്കും പ്രകാരം നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

ബയോമെഡിക്കൽ മാലിന്യപ്ലാന്റ്

73 (T2282) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 ബഡ്ജറ്റിൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന ബയോമെഡിക്കൽ മാലിന്യപ്ലാന്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനായി ബജറ്റിൽ എത്ര തുകയാണ് വകയിരുത്തിയിരുന്നതെന്നും എത്ര തുക ഇതുവരെ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ;

(സി) സ്വകാര്യമേഖലയിലെ പങ്കാളിയായി ഏത് കമ്പനിയെയാണ് തെരഞ്ഞെടുത്തത് ; പ്രസ്തുത കമ്പനി ഇതിനായി മുതൽ മുടക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര തുക ; വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) 2014-15 ബഡ്ജറ്റിൽ മൂന്നുകോടി ഇരുപത് ലക്ഷം രൂപ ബയോമെഡിക്കൽ പ്ലാന്റിന്റെ പ്രവർത്തനത്തിനായി സർക്കാർ ഉത്തരവ് സ.ഉ. (സാധാ) നമ്പർ 2191/14/ആ.കു.വ. തീയതി 30-6-2014 പ്രകാരം തിരുവനന്തപുരം, കണ്ണൂർ, വയനാട്, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ എന്നീ ജില്ലകൾക്ക് അനുവദിക്കുകയുണ്ടായി. ടി ഫണ്ട് സ.ഉ. (സാധാ) നമ്പർ 3839/14 ആ.കു.വ. തീയതി 28-11-2014 പ്രകാരം അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി. കെട്ടിട വിഭാഗത്തിന് കൈമാറുകയും ചെയ്തിട്ടുണ്ട്.

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly